**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 558** **09-06-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവിഭാഗക്കാരുടെ ചികിൽസാ ധനസഹായം ഓൺലൈൻ വഴിയാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | **Shri K. Radhakrishnan**<br>(പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതിക്കാരുടേതു പോലെ പട്ടിക വിഭാഗക്കാരുടെയും ചികിത്സാ ധനസഹായം ഓൺലൈനാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ബഹു. പട്ടിക വർഗ വികസന വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയിൽ നിന്നും പട്ടിക വർഗ വിഭാഗക്കാർക്കുള്ള ധനസഹായപദ്ധതി 'ടി ഗ്രാന്റ്സ്' എന്ന ഓൺലൈൻ സംവിധാനം മുഖേന നടപ്പിലാക്കുന്നതിനുള്ള അനുമതി നല്കിക്കൊണ്ടും ആയതിലേക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിച്ചു കൊണ്ടും 31.10.2020ലെ സ.ഉ.(കൈ)നം.25/2020/ പ.ജ.പ.വ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. പട്ടിക വർഗക്കാരുടെ ചികിത്സാ സഹായം പ്രസ്തുത ആപ്ലിക്കേഷൻ മുഖേന ഓൺലൈനാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (ബി) | ചികിത്സാ ധനസഹായം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുമോ; | (ബി) | പട്ടികവർഗ്ഗക്കാരുടെ 5000/- രൂപ വരെയുള്ള ചികിത്സാ ധനസഹായം ബന്ധപ്പെട്ട ജില്ലാ ആഫീസിൽ നിന്നും നേരിട്ടും 5000/- രൂപയ്ക്ക് മുകളിൽ 25,000/- രൂപ വരെയുള്ള ചികിത്സാ ധനസഹായം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലും അനുവദിച്ച് വരുന്നു. 25,000/- രൂപയ്ക്ക് മുകളിലേയ്ക്കുള്ള അപേക്ഷകൾ സർക്കാർ തലത്തിലും കാലതാമസമില്ലാതെ അനുവദിച്ചു വരുന്നുണ്ട്. |
| (സി) | ചികിത്സാ ധനസഹായ അപേക്ഷകൾ സമർപ്പിക്കുന്നതിന് എം.എൽ.എ. മാർക്ക് പ്രത്യേക പോർട്ടൽ തയ്യാറാക്കുമോ? | (സി) | 31.10.2020ലെ സ.ഉ.(കൈ)നം.25/2020/ പ.ജ.പ.വ.വി.വ പ്രകാരം പട്ടിക വർഗക്കാരുടെ ചികിത്സാ ധനസഹായ വിതരണത്തിനായി പുതുതായി തയാറാക്കിയ 'ടി ഗ്രാന്റ്സ്' എന്ന വെബ് ആപ്ലിക്കേഷനിലെ മാർഗനിർദേശങ്ങൾ പ്രകാരം എം.എൽ.എ. മാരുടെ ശിപാർശകത്തുള്ള പക്ഷം അപേക്ഷ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് വകുപ്പ് മന്ത്രിയുടെ ഓഫീസിലേക്ക് നേരിട്ട് അയയ്ക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ